# ദേശീയ പണിമുടക്ക് കേരളത്തിൽ ബന്ദായി
## ധനനഷ്ടം വലിയ സാമ്പത്തിക ആഘാതം
### മറികടക്കാൻ വഴികൾ

**ഡോ. ജോസഫ് ഏബ്രഹാം**

12 ഫെബ്രുവരി 2026ന് ദേശവ്യാപകമായി, രാജ്യത്തെ സെൻട്രൽ ട്രേഡ് യൂണിയനുകളും ഇതര തൊഴിലാളി ഫെഡറേഷനുകളും നടത്തിയ സംയുക്ത പണിമുടക്ക് കേരളത്തിൽ പൂർണ്ണ തോതിൽ അടച്ചു പൂട്ടി. സംസ്ഥാനത്തെ കടകമ്പോളങ്ങൾ അടഞ്ഞുകിടന്നു, യാത്രാ സംവിധാനങ്ങൾ നിരോധിച്ചു താറുമാറാക്കി, സർക്കാർ ഓഫീസുകൾ പ്രവർത്തിച്ചില്ല, തുറന്നവ ഫലപ്രദമായി സേവനങ്ങൾ നൽകിയില്ല, ആകെ മൊത്തം ജനജീവിതം താറു മാറാക്കപ്പെട്ടു. വ്യക്തികളുടെ സഞ്ചാര സ്വാതന്ത്ര്യം, തൊഴിൽ ചെയ്യുവാനുള്ള അവകാശം എന്നിവ പരക്കെ നിക്ഷേധിയ്ക്കപ്പെട്ടു. അവശ്യ സേവനങ്ങൾ ഹനിയ്ക്കരുതെന്ന നിയമങ്ങൾ പാലിയ്ക്കപ്പെട്ടില്ല. ആസൂത്രിത പ്രകോപന ങ്ങൾ പരക്കെ നടമാടി. എന്നാൽ രാജ്യത്തിന്റെ ഇതര ഭാഗങ്ങളിൽ സമരം ചെറിയ പ്രകോപനങ്ങൾ/അനുരണങ്ങളെ സൃഷ്ടിച്ചുള്ളു. എന്തുകൊണ്ടാണ് കേരളം 'സമരാലയവും' രാജ്യത്തെ മിക്ക മറ്റിടങ്ങൾ സമരമുക്തം മേഖലയും ആയി മാറിയിരിക്കുക? കേരളത്തിൽ മാത്രം ഈ പണിമുടക്ക് ബന്ദായി മാറുന്നത് എന്തുകൊണ്ട്? ഒരു പ്രത്യേക വിഭാഗത്തിന്റെ പണിമുടക്ക് വലിയ ബന്ദായി മാറി കടുത്ത സാമ്പത്തിക ആഘാതം സമൂഹത്തിനുമേൽ അടിച്ചേൽപ്പിക്കപ്പെടുന്നതിന്റെ കഷ്ട നഷ്ടങ്ങൾ, അലങ്കോലപ്പെടലുകൾ തിട്ട പ്പെടുത്തി പൊതുജനത്തെ ബോധവത്കരിക്കുന്നതിനോടൊപ്പം ഇതിലേ യ്ക്കുള്ള ചായ്‌വ് നിരുത്സാഹപ്പെടുത്തുവാൻ സമൂഹവും സർക്കാരും ക്രിയാ ത്മക നടപടി/നിലപാട് സ്വീകരിക്കേണ്ടതുണ്ട്. സമരങ്ങൾ സംസ്ഥാനത്തിന്റെ പുരോഗതിയെ അനേകാതം പിറകോട്ട് തള്ളിവിടുന്നത് വീണ്ടും ആവർത്തി യ്ക്കരുത്.

**II. മുഖ്യ ആവശ്യങ്ങൾ**

പ്രധാനമായും 4 മൂല്യ ആവശ്യങ്ങൾ നേടിയെടുക്കുവാനായിരുന്നു ഈ പണിമുടക്ക്.

(i) പുതിയ 4 ലേബർ കേസുകൾ ജോലി സുരക്ഷ, ഉറപ്പ്, എന്നിവയെ താറുമാറാക്കരുത്;

(ii) നിലവിലെ, വൈദ്യുതി, ഊർജ്ജം, കൃഷി, തൊഴിൽ എന്നീ രംഗ ങ്ങളിലെ പുതിയ പരിഷ്ക്കരണങ്ങൾ ഫലപ്രദമാക്കപ്പെടണം.

(iii) മുൻകാല പഴയ പെൻഷനുകൾ പുനസ്ഥാപിക്കുക, മെച്ചപ്പെട്ട സാമൂ ഹിക സുരക്ഷകൾ വ്യാപകവും, ശക്തവുമാക്കുക.

(iv) കോൺട്രാക്റ്റ് തൊഴിലുകളുടെ വിപുലീകരണം നിയന്ത്രിക്കുക, ജോലി കളുടെ വിപുലമായ ക്യാഷലൈസേൻ നിരുത്സാഹപ്പെടുത്തുക.

ഈ ഡിമാന്റുകളുടെ കുറ്റമറ്റ നടപ്പിലാക്കൽ, തൊഴിലാളികളുടെ മുഖ്യ ആശങ്കകൾ, ലേബർ മാർക്കറ്റിൽ ത്വരിത വേഗത്തിൽ സംഭവിച്ചുകൊണ്ടിരിയ്ക്കുന്ന പ്രതികൂല മാറ്റങ്ങളെ ഫലപ്രദമായി നിയന്ത്രിക്കുവാൻ ഉപകരിക്കുമെന്നാണ് പ്രതീക്ഷ. ചില സംസ്ഥാനങ്ങളിൽ തൊഴിൽ രംഗത്തെ മാറ്റങ്ങൾ വളരെ വ്യാപകവും രൂക്ഷവുമായ തോതിലും തലത്തിലുമാണ് നടന്നുവരുന്നത്. ഉദാ:- അന്തർ സംസ്ഥാന, വിദേശ തൊഴിൽ കുടിയേറ്റങ്ങൾ കേരളത്തിലും വളരെ വ്യാപകമായി തുടരുന്നു.

**III. ധന നഷ്ടം ബീമം**

ഒരു ദേശീയ പണിമുടക്ക് ബന്ദായി കേരളത്തിൽ പരിണമിച്ച് സമ്പദ്ഘടനയ്ക്ക് വലിയ ആഘാതമേല്പിക്കുമ്പോൾ ജനം നിസ്സഹയരായി മാറിയിരിക്കുന്നു. അപ്രതീക്ഷിതമായ സമര പ്രതിഫലനങ്ങൾ, അനന്തര ഫലമായി കടന്നുവരുന്ന സാമ്പത്തിക നഷ്ടം, എന്നിവ അടിച്ചേൽപ്പിക്കപ്പെടുന്നത് അടിയന്തര പ്രതിരോധം അർഹിക്കുന്നു. സമര അലങ്കോലപ്പെടുത്തലുകളുടെ ആക്കവും തോതും നിശ്ചയിക്കുന്നത് ഈ പ്രതിസന്ധിയെ പ്രതിരോധിയ്ക്കാൻ ഉതകും. ക്രമേണ ബന്ദ് പരിപൂർണ്ണ പണിമുടക്കുകൾ ഉൽമൂലനം ചെയ്യേണ്ടതാകുന്നു. 12 ഫെബ്രുവരി 2026-ലെ പരിപൂർണ്ണ പണിമുടക്ക് ഏല്പിച്ച സാമ്പത്തിക നഷ്ടം കണക്കാക്കുവാൻ ***"സെക്ടർ അനുബന്ധ ആഘാത ഇംപാക്ട് രീതി"*** അവലംബിച്ച് നിർണ്ണയിക്കുകയാണിവിടെ. കേരളത്തിന്റെയും ഇന്ത്യയുടെയും യഥാക്രമത്തിൽ നാമമാത്ര ജി.എസ്.ഡി.പി./ജി.ഡി.പി. എന്നിവയെ എപ്രകാരമാണ് പ്രതികൂലമായി ഈ പണിമുടക്ക് ബാധിക്കുന്നത്? കഷ്ട നഷ്ട കണക്ക് തുകയെത്ര, എപ്രകാരം എന്നൊക്കെ കണക്കാക്കാം.

**IV. സെക്ടർ അനുബന്ധിത ആഘാത ഇംപാക്ടുകൾ**

ഇതിൽ പ്രകാരം സ്വീകരിച്ച നടപടിക്രമങ്ങൾ, വിലയിരുത്തലുകൾ എന്നിവ മുഖേന കണ്ടെത്തിയ മുഖ്യ വിശദാംശങ്ങൾ വിവരിയ്ക്കട്ടെ.

ആദ്യ ഘട്ടത്തിൽ ജി.എസ്.ഡി.പി./ജി.ഡി.പി. എന്നിവയിലേക്ക് മുഖ്യ ഉത്പാദ സെക്ടറുകൾ നല്കുന്ന മൂല്യവർദ്ധനയെ ശതമാന കണക്കിൽ പ്രാദേശികമായി കണ്ടെത്തുന്നു. ഇവയുടെ മേൽ സമരം-പണിമുടക്കുന്നവർ ഏല്പിക്കുന്ന നാശനഷ്ടങ്ങൾ - സമരത്തിന്റെ തീവ്രത-സസൂക്ഷ്മം നിരീക്ഷിച്ച് ഏകദേശ ശതമാനം കണ്ടെത്തി പരസ്പരം സമന്വയിപ്പിക്കുകയാണ്. ഇപ്രകാരം കണ്ടെത്തിയ സുപ്രധാന വിവരങ്ങൾ വളരെ ഹ്രസ്വമായി വിവരിയ്ക്കട്ടെ.

**IV. (i). ധന അലങ്കോലപ്പെടൽ**

(i). കേരളത്തിലെ സമരദിനത്തിലെ ധന-സാമ്പത്തിക നഷ്ടം വളരെ ലിബറലാക്കി 50% ആയി നിശ്ചയിച്ചിരിക്കുന്നു. ഇത് അഖിലേന്ത്യ തലത്തിൽ 25% ആണ്.

(ii). ഇതിൽ പ്രകാരം കേരളത്തിൽ ഏകദേശം Rs.1644 കോടിയുടെ സാമ്പത്തിക നാശനഷ്ടമുണ്ടായിട്ടുണ്ട്. അഖിലേന്ത്യാ തലത്തിൽ ഇത് Rs.20550 കോടിയാണ്.

(iii). തൊഴിൽ നഷ്ടം കണക്കാക്കാം. കേരളത്തിൽ ഏകദേശം 70 ലക്ഷം മനുഷ്യ ദിനങ്ങൾ നഷ്ടമാക്കപ്പെട്ടു.

(iv). അഖിലേന്ത്യാ തലത്തിൽ ശരാശരി 55 കോടി തൊഴിൽ ദിനങ്ങൾ നഷ്ട പ്പെട്ടു.

(v). തൊഴിൽ വരുമാനം, കേരളത്തിൽ ശരാശരി Rs.700/പ്രതിദിനം കരുതി കണക്കാക്കിയാൽ നഷ്ടം ഏകദേശം Rs.490 കോടിയാവും.

(vi) അഖിലേന്ത്യാ തലത്തിൽ തൊഴിലാളിക്ക് ദിവസക്കൂലി ശരാശരി Rs.500 വച്ചു ഏതാണ്ട് 146 കോടി പ്രതിദിന തൊഴിൽ നഷ്ട ദിനങ്ങൾക്കായി Rs.7000 കോടിയുടെ വേതന വരുമാനം നഷ്ടപ്പെട്ടു.

(vi). അനൗപചാരിക തൊഴിൽ മേഖലയിലെ തൊഴിലാളികളെയാണ് സമരം വളരെ പ്രതികൂലമായി ബാധിക്കുന്നത്.

**V. ജയ പരാജയങ്ങൾ**

**(i). ന്യായമൊ:** ജനാധിപത്യ രാജ്യത്ത് സംഘടിച്ച് പ്രതിക്ഷേധിക്കുക അനുവദ നീയമാണ്. രാജ്യത്തെ തൊഴിലാളി സംഘടനകൾ ഉയർത്തുന്ന ബലപ്രയോഗ മുളവാക്കുന്ന സമരങ്ങൾ പരോക്ഷമായിട്ടും അല്ലാതെയും സ്വയം നാശം സൃഷ്ടിക്കലായി മാറിയിരിക്കുന്നു. നിർബന്ധിത ബന്ദ് ജനങ്ങളുടെ ജീവിക്കാ നുള്ള അവകാശത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. തൊഴിലെടുക്കാനും സമരത്തിൽ പങ്കെടുക്കാതിരിക്കാനുമുള്ള അവകാശങ്ങൾ മാനിയ്ക്കപ്പെട ണം. സമരം അടിച്ചേൽപ്പിക്കുന്നത്, നേതാക്കന്മാരുടെയും നയകർത്താക്കളു ടെയും തലത്തിൽ നിന്നും തെന്നിമാറി.

**(ii). വിജയമോ?** ദേശീയ തലത്തിൽ സമ്മിക്ര സമര പങ്കാളിത്തമാണ് ഉണ്ടായ ത്. കേരളവും ഇതര തെക്കെ ഇന്ത്യൻ സംസ്ഥാനങ്ങളിലും സമരം വളരെ വിപുലമായ തോതിൽ അടച്ചുപൂട്ടൽ ഏർപ്പാടാക്കി. കേന്ദ്ര, നോർത്തേൺ സംസ്ഥാനങ്ങളിൽ ഭാഗികമായെ സമരം അരങ്ങേറിയുള്ളൂ. ഇത് തൽസ്ഥിതി രാഷ്ട്രീയ സൂചനകൾ, ദിശകൾ കാട്ടുന്നതിനോടൊപ്പം ചില സംസ്ഥാനങ്ങ ളിൽ നിലവിലുള്ള രാഷ്ട്രീയ-സാമ്പത്തിക സാഹചര്യങ്ങളെയും പ്രതിഫലി പ്പിക്കുന്നുണ്ട്.

**(iii). കേരളത്തിൽ സമ്പൂർണ്ണം**

എന്തുകൊണ്ടാണ് കേരളത്തിൽ ഈ സമരം പരിപൂർണ്ണ വിജയമാവുന്നത്? സംസ്ഥാനത്ത് വ്യാപകമായിട്ടുള്ള ട്രേഡ് യൂണിയൻ, പ്രവർത്തനങ്ങൾ, പൊതു സർക്കാർ മേഖലയുടെ അമിത തൊഴിൽ പ്രാധാന്യം, ചരിത്രപരമാ യും, സാംസ്കാരികവുമായി ശക്തമായ തൊഴിലാളി മുന്നേറ്റ പ്രവർത്തന രീതികൾ, ഭരിക്കുന്ന മുഖ്യ പാർട്ടിക്കും ഘടക കക്ഷികൾക്കുമുള്ളതും തുടർച്ചയായിട്ടുള്ള ഭരണവും ഉപകരിയ്ക്കപ്പെടുന്നുണ്ട്. പക്ഷെ ഇത് അന്യത്ര നിലവിലില്ല.

**(iv). മറ്റിടങ്ങളിൽ തണുപ്പൻ**

ഇതര സംസ്ഥാനങ്ങളിൽ പൊതുവെ സമരപങ്കാളിത്തം കുറവായിരുന്നു. ആയതിന് പല കാരണങ്ങളുമുണ്ട്. ഇവിടെ വലിയ വിഭാഗം തൊഴിലാളികളും ദിവസക്കൂലിയെ ആശ്രയിച്ചാണ്, മുഖ്യമായും അനൗപചാരിക തൊഴിൽ മേഖ ലയിൽ ഉപജീവനം നടത്തുന്നത്. രാഷ്ട്രീയ അടിസ്ഥാനത്തിൽ യൂണിയൻ

പ്രവർത്തനം ഇവിടങ്ങളിൽ കുറവാണ്. കോൺട്രാക്റ്റ് ലേബർ അടിസ്ഥാനത്തിൽ വ്യാപക തൊഴിൽ നടത്തിപ്പ് ഇവിടെ ശക്തമാണ്.

**VI. നിയമ സംരക്ഷണം**

പ്രതിഷേധിക്കാനും സമരം നടത്താനുമുള്ള അവകാശം ജനാധിപത്യം നൽകുന്നുണ്ട്. എങ്കിലും തൊഴിലെടുക്കാനും സാമ്പത്തിക പ്രവർത്തനങ്ങൾ അഭംഗുരം തുടരാനുമുള്ള അവകാശങ്ങളുമുണ്ട്. സമരക്കാർ ബലപ്രയോഗത്തിലൂടെ സമരിക്കാത്തവരെ കീഴ്പെടുത്തുന്നത് തികച്ചും അഭിലഷണീയമല്ല. സമര പ്രതിസന്ധികൾ മറികടക്കാൻ സ്വീകരിക്കാവുന്ന 5 നടപടികൾ:-

(i) നിശ്ചിത മേഖല/രംഗം മാത്രം കേന്ദ്രീകരിക്കുക, ആകെ മൊത്തം നിശ്ചലമാക്കൽ, ഒഴിവാക്കാം;

(ii) തൃകക്ഷി വ്യവസ്ഥാപിത ചർച്ചകൾ മുൻകൂർ നടത്തുന്നത് നിർബന്ധമാക്കട്ടെ.

(iii) അത്യാവശ്യ സേവന നിയമം കാര്യക്ഷമമാക്കി, നടപ്പിലാക്കാം;

(iv) മുൻകൂർ നോട്ടീസ് നൽകൽ, വിവരലഭ്യത നൽകൽ എന്നിവ ഉറപ്പാക്കുക.

(v) കഷ്ടനഷ്ടങ്ങൾക്ക് ഉത്തരവാദികളെ ത്വരിതഗതിയിൽ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കുക, നഷ്ടങ്ങൾ റിക്കവർ ചെയ്യുക.

മേൽ പ്രവർത്തനങ്ങളിൽ നമ്മുടെ സർക്കാരുകളും, സ്വകാര്യ സംരംഭകരും, പൊതുജനവും വളരെ മുന്നേറേണ്ടതുണ്ട്.

**IX. അസംബ്ലി തിരഞ്ഞെടുപ്പുകൾ 2026**

ഈ സമരം കേളത്തിലെ ഇടതുപക്ഷം തൊഴിലാളികളെ സംഘടിപ്പിച്ച് പൂർണ്ണ പങ്കാളികളാക്കിയെന്ന് അവകാശപ്പെടുന്നു. പ്രതിപക്ഷ, വലത് പക്ഷക്കാർ ഈ സമരം ഏല്പിച്ച സാമ്പത്തിക നഷ്ടവും സാധാരണ ജനജീവിതം ദുസ്സഹമാക്കിയതിനെ ആകെ മൊത്തം അപലപിയ്ക്കുകയാണ്. കേരളത്തിലെ സാമാന്യ പൊതുജനം, ചെറുകിട വ്യാപാരികൾ, വ്യവസായികൾ, മധ്യവർഗ്ഗ, അദ്ധ്വാന വിഭാഗങ്ങൾ ഈ സമരത്തിന്റെ കെടുതികളെ വെറുക്കുന്നവരുമാണ്. പരിപൂർണ്ണ പണിമുടക്കും ബന്ദിനും അറുതിയുണ്ടാവണമെന്ന് ഇവർ ആഗ്രഹിക്കുന്നു. യഥാർത്ഥത്തിൽ ഇവരാണ് സംസ്ഥാന ഖജനാവിലേക്ക് മിക്ക നികുതികൾ നല്കുന്നവർ. സമരം ഇത്തരക്കാരെ തകർക്കുന്നുണ്ട്. പണിമുടക്ക് അവകാശം അടിച്ചേൽപ്പിക്കപ്പെടരുത്. നിർബന്ധിത സാമ്പത്തിക നഷ്ടം സഹിക്കേണ്ടിവരുന്നതും കേരളത്തിലെ പൊതുജനം ഇഷ്ടപ്പെടുന്നില്ല. പണിമുടക്കുന്നവർ നൽകുന്ന നികുതി പങ്ക് വിലയിരുത്തപ്പെടണ്ടെതാകുന്നു. വിജയകരമായി സംരംഭങ്ങൾ നടത്തിവരുന്നവരും പുതിയ സ്റ്റാർട്ടപ്പുകളും നിർബന്ധിത സമരക്കാരെ ഇകഴ്ത്തുന്നു. ഉടനെ നടക്കുവാൻ പോകുന്ന നിയമ സഭാ തിരഞ്ഞെടുപ്പുകളിൽ സമരാവേശക്കാരെയാണോ അതോ സമര വിരോധികളെയാണോ നമുക്ക് പ്രോത്സാഹിപ്പിക്കേണ്ടത് എന്നത് പൊതുജനം തീരുമാനിക്കട്ടെ.

*********